# യുക്തിക്ക് നിരക്കാത്ത വിശ്വാസം

■ *"........ യുക്തിക്ക് നിരക്കാത്ത പലതും വിശ്വസിക്കണമെന്ന് മതങ്ങളെല്ലാം അനുശാസിക്കുന്നു. മനുഷ്യബുദ്ധിക്ക് തെറ്റു പറ്റാം. എന്നാൽ ദൈവത്തിന്റെ സന്ദേശങ്ങളിൽ തെറ്റുവരാൻ പാടില്ല. അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുവാനാണ് മതങ്ങൾ ഉപദേശിക്കുന്നത്. അതുകൊണ്ട് ശാസ്ത്രീയ വിഷയങ്ങളെല്ലാം മതഗ്രന്ഥങ്ങൾക്ക് അംഗീകരിക്കാൻ പറ്റില്ല. മേശ കണ്ടാൽ അതുണ്ടാക്കിയത് ആശാരിയാണെന്ന് മനസ്സിലാക്കാം. അതുപോലെ പ്രപഞ്ചത്തിനും ഒരു സ്രഷ്ടാവുണ്ടാകണമെന്നാണ് വാദം. ഒരു വശത്ത് രണ്ടു കാലുകളും മറുവശത്ത് വളവും തിരിവുകളുമുള്ള വികൃതമായ മേശ ആരും ഉണ്ടാക്കാറില്ല. പക്ഷേ മനുഷ്യനെ 'സൃഷ്ടിക്കു'മ്പോൾ ദൈവത്തിന് ചിലപ്പോൾ കൈതെറ്റ് വരാറുണ്ട്. വികലാംഗരെയും അന്ധരെയുമൊക്കെ സൃഷ്ടിക്കുന്നതും അല്ലാഹുവാണല്ലോ. ഈയിടെ ബാംഗ്ലൂരിൽ 24 മണിക്കൂർ നീണ്ട ശസ്ത്രക്രിയക്ക് വിധേയമായ ബീഹാരിൽനിന്നുള്ള ലക്ഷ്മി എന്ന കുട്ടിയെ കണ്ടാൽ ആ സൃഷ്ടിപ്പിന് പിന്നിൽ സർവശക്തനായ അല്ലാഹുവിനെ കാണാൻ കഴിയില്ല.*

*വിത്ത് മുളച്ച് ചെടിയും മരവുമൊക്കെയാകുന്നതും മുട്ട വിരിഞ്ഞ് പക്ഷിക്കുഞ്ഞുങ്ങളുണ്ടാകുന്നതും മൃഗങ്ങളും മനുഷ്യരും പ്രസവിച്ചുണ്ടാകുന്നതും മേശ കസേരകൾ ഉണ്ടാക്കുന്നതിനോട് താരതമ്യം ചെയ്യുന്നത് തന്നെ ശരിയാകില്ല.*

*..... ഇവിടെ ഒന്നിലധികം പേരെ കൊല ചെയ്തവരെ കൂടുതൽ യാതനകരമായ ശിക്ഷക്ക് വിധേയമാക്കാം. ശാരീരികവും മാനസികവുമായ പീഡനത്തിന് വിധേയമാക്കാം. അതല്ലാതെ ഇവിടെ ചെയ്യാൻ കഴിയാത്ത കാര്യങ്ങളായതുകൊണ്ട് അതിന് ഒരവസരം പരലോകത്തുണ്ടാകുമെന്ന് തെളിവായി പറയാൻ പറ്റില്ല......"* (യുക്തിവിചാരം പുസ്തകം 2008 ജനുവരി 31, ലക്കം 12ലെ 'പരലോകം- ഒരു മിഥ്യാ സങ്കൽപം' എന്ന ലേഖനത്തിൽനിന്ന്). *മുജീബ് എന്തു പറയുന്നു?*

***സൽമ ഇസ്ഹാഖ് ആയഞ്ചേരി***

**യു**ക്തിക്ക് നിരക്കാത്തത് എന്നു പറയുമ്പോൾ ആരുടെ യുക്തിക്ക് എന്ന ചോദ്യമുണ്ട്. ഓരോ മനുഷ്യനും വെവ്വേറെ ബുദ്ധിയും യുക്തിയുമാണ്. ഒരാളുടെ യുക്തിക്ക് വഴങ്ങാത്തത് മറ്റൊരാളുടെ യുക്തിക്ക് നിരക്കും. ഇക്കാര്യത്തിൽ ഒരു പൊതു മാനദണ്ഡം ഒരിക്കലും സാധ്യമല്ല. സാമാന്യ മനുഷ്യയുക്തി എന്ന് തീരുമാനിക്കുമ്പോഴും ബുദ്ധിമുട്ടുണ്ട്. മനുഷ്യബുദ്ധിയുടെ പരിമിതി സർവാംഗീകൃത സത്യമാണ്. പ്രാചീന മനുഷ്യൻ യുക്തിരഹിതമായി കരുതിയിരുന്ന പലതും ഇന്ന് യാഥാർഥ്യങ്ങളാണ്, മനുഷ്യൻ ആകാശത്തിൽ സഞ്ചരിക്കുന്ന തടക്കം. ഇന്നത്തെ മനുഷ്യൻ അയുക്തികമായി കരുതുന്നത് നാളത്തെ മനുഷ്യൻ യാഥാർഥ്യമാക്കും. മനുഷ്യബുദ്ധി യുഗാന്തരങ്ങളിലൂടെ വികസിച്ചുകൊണ്ടേയിരിക്കും. എന്നാൽ സൃഷ്ടിയുടെ യുക്തി എത്ര വികസിച്ചാലും സ്രഷ്ടാവിന്റെ യുക്തിയോളമെത്തില്ല. സ്രഷ്ടാവാണ് മതത്തിന്റെ കർത്താവ്. അവന്റെ സമ്പൂർണമായി സത്യവും തെറ്റു പറ്റാത്തതുമായ യുക്തിക്ക് നിരക്കുന്നതേ ദൈവിക മതത്തിലുള്ളൂ. അതിൽ ചിലതിന്റെ യുക്തി സാമാന്യബുദ്ധിക്ക് പിടികിട്ടാതിരിക്കും; അസാമാന്യ ബുദ്ധിക്ക് പിടികിട്ടും. ഇന്ന് അസാമാന്യ ബുദ്ധിക്ക് പിടികിട്ടാത്തതും നാളെ പിടികിട്ടും. മുഹമ്മദ് നബി(സ)യുടെ കാലത്ത്, ഓരോ മനുഷ്യന്റെയും വാക്കുകളും ചലനങ്ങളും അല്ലാഹുവിന്റെ മലക്കുകൾ രേഖപ്പെടുത്തുന്നു എന്നു പറഞ്ഞാൽ പലർക്കും യുക്തിശൂന്യമായി തോന്നിയിരിക്കും. ഇന്നോ? വിവരസാങ്കേതിക വിദ്യയുടെ വിസ്മയാവഹമായ വളർച്ച മനുഷ്യ ചലനങ്ങളെ തൽസമയം ഒപ്പിയെടുത്ത് സൂക്ഷിക്കാൻ പാകത്തിലെത്തിയിരിക്കെ ഖുർആൻ സൂക്തങ്ങളുടെ പൊരുൾ പൂർവാധികം യുക്തിസഹമായിത്തീരുന്നു.

അദൃശ്യകാര്യങ്ങൾ മനുഷ്യൻ വിശ്വസിച്ചേ തീരൂ. വൈദ്യുതി അദൃശ്യമാണ്, ഫലം ദൃശ്യവും. ചേതന അദൃശ്യമാണ്, പ്രതിഫലനം ദൃശ്യവും. വേദന അദൃശ്യമാണ്, പ്രത്യാഘാതം ദൃശ്യവും. അതുപോലെ സ്രഷ്ടാവ് അദൃശ്യനാണ്, സൃഷ്ടി ദൃശ്യവും. കാര്യകാരണ ബന്ധത്തിലൂടെയല്ലാതെ പ്രപഞ്ചത്തിൽ ഒന്നും സംഭവിക്കുന്നില്ലെന്നതിന്റെ ഉദാഹരണമായാണ് മേശയും കസേരയുമൊക്കെ ചൂണ്ടിക്കാട്ടുന്നത്. വിത്തും ചെടിയും മര

വുമൊക്കെ നിമിത്തം കൂടാതെ ഉണ്ടാവുന്നില്ല. എല്ലാമടങ്ങിയ പ്രപഞ്ചത്തിന്റെ ഹേതുഭൂതനാണ് സ്രഷ്ടാവായ ദൈവം. അവൻ ഉണ്ടാവാൻ കാരണം വേണ്ട. ഭൗതിക പ്രപഞ്ചത്തിനാണ് കാര്യകാരണബന്ധം പ്രസക്തമാവുന്നത്. ദൈവം പ്രപഞ്ചത്തിന്റെ ഭാഗമല്ല, പ്രപഞ്ചാതീതനാണ്.

എല്ലാ കുറ്റവാളികളെയും ഒരു നിയമപാലകനും കണ്ടെത്തുകയോ പിടികൂടി ശിക്ഷിക്കുകയോ ചെയ്യുന്നില്ല; ചെയ്ത ചരിത്രമില്ല, ചെയ്യുക സാധ്യവുമല്ല. പരമസ്വകാര്യമായി ഒരാൾ ചെയ്യുന്ന പാതകം ആര് കാണാൻ? എല്ലാം കാണുന്ന അല്ലാഹുവിനേ കുറ്റവാളിയെ പിടികൂടി വിചാരണ ചെയ്ത് ശിക്ഷിക്കാനാവൂ. അതാണ് പരലോകത്ത് നടക്കുന്നത്. പരലോകം അതുകൊണ്ടു മാത്രമല്ല യുക്തിസഹമാവുന്നത്. ശൂന്യതയിൽനിന്ന് സകല ചരാചരങ്ങളെയും സൃഷ്ടിച്ച സ്രഷ്ടാവിന് അവയെ പുനഃസൃഷ്ടിക്കാനും കഴിയുമെന്ന യുക്തിയാണ് പരലോക നിഷേധികൾക്ക് മറുപടിയായി ഖുർആൻ ചൂണ്ടിക്കാട്ടുന്നത്. യുക്തിവാദികൾക്ക് നഷ്ടമായത് യുക്തിബോധമാണ്. വികലവും അപൂർണവുമായ സ്വന്തം ബുദ്ധിയുടെ തടവറയിലാണവർ. അതിനാൽ യുക്തിവാദത്തിന് ഐകരൂപ്യമോ സ്വീകാര്യതയോ ഇല്ല.

## അഹ്ലുസ്സുന്നത്തി വൽജമാഅത്ത്

■ *ജമാഅത്തെ ഇസ്‌ലാമി അഹ്ലുസ്സുന്നത്തി വൽജമാഅത്തിൽനിന്ന് പുറത്താണെന്ന്, മുജാഹിദ് സെന്റർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരള ജംഇയ്യത്തുൽ ഉലമയുടെ ഉത്തരവാദപ്പെട്ട പണ്ഡിതരുടെ അഭിപ്രായം പുതിയതാണോ? കേരള ജംഇയ്യത്തുൽ ഉലമക്ക് നേരത്തെ ഇങ്ങനെ ഒരഭിപ്രായം ഉള്ളതായി അറിയാമോ? അഹ്ലുസ്സുന്നത്തി വൽജമാഅത്തിനെ പറ്റി സംക്ഷിപ്തമായി ഒരു നിർവചനം നൽകാമോ?*

***ടി. അഹ്മദ് കക്കാട്***

**സ**ലഫി പണ്ഡിതന്മാരുടെ സംഘടനയായ കേരള ജംഇയ്യത്തുൽ ഉലമ ഇതേവരെ ജമാഅത്തെ ഇസ്‌ലാമി അഹ്ലുസ്സുന്നത്ത് വൽജമാഅത്തിൽനിന്ന് പുറത്താണെന്ന് ഫത്‌വ പുറപ്പെടുവിച്ചതായി കണ്ടിട്ടില്ല. സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ മുജാഹിദ്, ജമാഅത്തെ ഇസ്‌ലാമി, തബ്‌ലീഗ് സംഘടനകളെ അഹ്ലുസ്സുന്നയിൽനിന്ന് പുറത്താണെന്ന് പറഞ്ഞുവന്നിട്ടുണ്ട്. ആര് പറഞ്ഞാലും ഇതൊന്നും ശരിയായ പ്രസ്താവനകളല്ല.

വിശുദ്ധ ഖുർആനിലോ സുന്നത്തിലോ വ്യക്തമായി നിർവചിച്ച ഒരു സംഘമല്ല അഹ്ലുസ്സുന്നത്ത് വൽ ജമാഅത്ത്. പ്രവാചക ചര്യയെയും പ്രവാചക ശിഷ്യന്മാരുടെ സരണിയെയും മുറുകെ പിടിച്ചു ജീവിക്കുന്ന മുസ്‌ലിം ജനസാമാന്യത്തെ വിവക്ഷിക്കാൻ, ഈ മാർഗത്തിൽനിന്ന് വ്യതിചലിച്ചവരെന്ന് ആധികാരിക പണ്ഡിതന്മാർ വിധിയെഴുതിയ ഖവാരിജുകൾ, മുഅ്തസിലികൾ, ശീഈകൾ മുതലായവർ ഉദയം ചെയ്തപ്പോൾ ഉപയോഗിച്ചു തുടങ്ങിയ പദപ്രയോഗമാണ് അഹ്ലുസ്സുന്നത്തി വൽ ജമാഅത്ത്. പ്രസിദ്ധ പണ്ഡിതനും ഗ്രന്ഥകാരനുമായിരുന്ന സയ്യിദ് സുലൈമാൻ നദ്‌വി നൽകിയ നിർവചനം ഇങ്ങനെ: ''നബിയുടെ ജീവിതരീതിയും കർമമാതൃകയുമാണ് സുന്നത്ത്. ജമാഅത്തിന്റെ ഭാഷാർഥം സംഘം എന്നാണ്. ഇവിടെ സ്വഹാബികളുടെ സംഘമാണ് വിവക്ഷ. അപ്പോൾ അഹ്ലുസ്സുന്നത്തി വൽജമാഅത്ത് എന്നതിന് നബിയുടെ ജീവിതരീതിയെയും സ്വഹാബികളുടെ പാരമ്പര്യങ്ങളെയും തങ്ങളുടെ വിശ്വാസങ്ങൾക്കും കർമങ്ങൾക്കും ആധാരമാക്കുന്ന സംഘം എന്ന് അർഥമാകുന്നു" (വിശദപഠനത്തിന് ഇസ്‌ലാമിക വിജ്ഞാനകോശം, വാള്യം 3, പേജ് 395-398 നോക്കുക).

ജമാഅത്തെ ഇസ്‌ലാമി അതിന്റെ ഭരണഘടന പ്രകാരവും നയപരിപാടികളനുസരിച്ചും ഖുർആനും സുന്നത്തുമാണ് ആദർശം, ലക്ഷ്യം, മാർഗം, കർമപരിപാടി എന്നിവക്ക് മാനദണ്ഡമാക്കിയിരിക്കുന്നത്. എന്നല്ല, സ്വഹാബിമാരുടെ മാതൃകയിൽ ഖിലാഫത്തുർറാശിദയുടെ പുനഃസ്ഥാപനത്തിന് ഇത്രയും വ്യവസ്ഥാപിതമായും ആസൂത്രിതമായും പ്രവർത്തിക്കുന്ന മറ്റൊരു ഇസ്‌ലാമിക പ്രസ്ഥാനം ഇന്ത്യാ ഉപഭൂഖണ്ഡത്തിലില്ല. ശിർക്ക്-ബിദ്അത്തുകളോ ദീൻ-ദുൻയാ വിഭജനമോ അനിസ്‌ലാമിക പ്രത്യയശാസ്ത്രാധിഷ്ഠിതമായ രാഷ്ട്രീയമോ ജമാഅത്തെ ഇസ്‌ലാമിയുടെ ബലഹീനതകളല്ലെന്നിരിക്കെ വാദിയെ പ്രതിയാക്കുന്ന ഏർപ്പാട് ആരായാലും അവസാനിപ്പിക്കുന്നതാണ് ശരി.

## പ്രാർഥനകൊണ്ടുള്ള കാര്യം

■ *പ്രാർഥനകൊണ്ട് ഒരു കാര്യവുമില്ലെന്നും ഫലമുണ്ടായിരുന്നെങ്കിൽ മുസ്‌ലിംകൾ എന്നോ രക്ഷപ്പെടുമായിരുന്നു എന്നും യുക്തിവാദികൾ അഭിപ്രായപ്പെടുന്നു. പ്രതികരണമെന്താണ്?*

***എം.ടി സഗീർ കോവൂർ***

**പ്രാ**ർഥനയും പ്രവൃത്തിയും കൊണ്ടാണ് മുസ്‌ലിം സമൂഹം പണ്ടേ രക്ഷപ്പെട്ടുവന്നിട്ടുള്ളത്. 'ഒട്ടകത്തെ തളക്കുക, ദൈവത്തിൽ ഭരമേൽപിക്കുക' എന്ന പ്രവാചക കൽപനയാണ് അവർക്ക് മാർഗദർശനം. താൻ പാതി ദൈവം പാതി എന്ന് പറയുന്നതും അതേപ്പറ്റിയാണ്. മനുഷ്യൻ വിചാരിച്ചാൽ മാത്രം ഒരു കാര്യവും നടക്കില്ല. മനുഷ്യൻ വിചാരിക്കാതെ ദൈവം വിചാരിക്കുന്ന പ്രശ്നവും ഇല്ല. 'ഒരു ജനതയുടെയും അവസ്ഥ അല്ലാഹു മാറ്റുകയില്ല അവർ സ്വയം മാറ്റാത്തേടത്തോളം' എന്ന് ഖുർആൻ വ്യക്തമാക്കുന്നു. ഇന്ന് മുസ്‌ലിംകൾ വെല്ലുവിളികൾ നേരിടുന്നത് പ്രവൃത്തിയിലും പ്രാർഥനയിലും പിന്നിലായതുകൊണ്ടാണ്. പ്രാർഥന എന്നാൽ വെറും അധരവ്യായാമമല്ല. ആത്മാർഥമായ വിശ്വാസത്തിൽനിന്ന് ഉത്ഭൂതമായി ഏകാഗ്രതയോടെ മനസ്സറിഞ്ഞ് നടത്തുന്നതാണ് പ്രാർഥന. അതോടൊപ്പം പ്രാർഥിക്കുന്നവൻ തനിക്ക് സാധ്യമായത് പ്രവർത്തിക്കുക കൂടി വേണം. മുസ്‌ലിം സമൂഹം ചരിത്രത്തിലുടനീളം തിരിച്ചടികൾ നേരിട്ടിട്ടുണ്ട്, തിരിച്ചടിച്ചിട്ടുമുണ്ട്. ചരിത്രം ആവർത്തിക്കുകയേ ചെയ്യൂ. നിലവിലെ സ്ഥിതി അവസാനത്തേതാണെന്ന് ആരും കരുതേണ്ടതില്ല. കമ്യൂണിസം തകർന്നു, കാപിറ്റലിസം തകർച്ചയിലേക്ക് കൂപ്പുകുത്തുന്നു. രണ്ടിനും ബദലായി ഇസ്‌ലാം ഉയിർത്തെഴുന്നേൽക്കുക കേവലം ദിവാസ്വപ്നമല്ല.

## അഹ്ലുൽ ഖുർആൻ

■ *1956-ൽ ചരമഗതിയടഞ്ഞ പഴയങ്ങാടിയിലെ ബി. കുഞ്ഞഹമ്മദ് മൗലവി അഹ്ലുൽ ഖുർആൻ സംഘം രൂപീകരിക്കുകയും പരിഛേദന കർമം (സുന്നത്ത് കർമം) ബഹുദൈവാരാധകർ നടത്തിയതാണെന്ന് സമർഥിക്കുകയും ദിനം പ്രതി പ്രഭാതത്തിലും പ്രദോഷത്തിലും മാത്രമേ നിർബന്ധ പ്രാർഥന (നമസ്കാരം) ഉള്ളൂവെന്ന് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ സംഘവുമായി ജമാഅത്തെ ഇസ്‌ലാമിക്ക് ബന്ധമുണ്ടോ?*

***അബ്ദുല്ല അലി അബ്ദില്ല***
***കാസർകോട്***

**ഹ**ദീസ് നിഷേധ പ്രസ്ഥാനമാണ് അഹ്ലുൽ ഖുർആൻ എന്ന പേരിൽ അറി

യപ്പെടുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ ജീവിച്ച പഞ്ചാബുകാരനായ മൗലവി അബ്ദുല്ല ചക്ഠാലവി, പിൽക്കാലത്ത് രംഗത്തുവന്ന മുഹമ്മദ് അസ്‌ലാം ജയരാജ്പുരി, ഗുലാം മുഹമ്മദ് പർവേസ് തുടങ്ങിയവരാണ് ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ഹദീസ് നിഷേധ പ്രസ്ഥാനത്തിന്റെ പ്രണേതാക്കൾ. പഞ്ചാബിൽ പോയി തിരിച്ചെത്തിയ ബി. കുഞ്ഞഹമ്മദ് ഹാജി അവരുടെ വാദഗതികൾ കടമെടുത്ത് സ്ഥാപിച്ചതാണ് പഴയങ്ങാടിയിലെ അഹ്‌ലുൽ ഖുർആൻ. സുന്നത്ത് ഇസ്‌ലാമിന്റെ രണ്ടാമത്തെ മൂലപ്രമാണമാണ്; അത് വിശുദ്ധ ഖുർആന്റെ വിശദീകരണവുമാണ്. അത് നിഷേധിച്ചാൽ ഇസ്‌ലാം പൂർണാർഥത്തിൽ നിലനിൽക്കില്ല. ഹദീസ് നിഷേധ പ്രസ്ഥാനത്തെ അതിശക്തമായി നേരിട്ടയാളാണ് സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി. ജമാഅത്തെ ഇസ്‌ലാമി അഹ്‌ലുൽ ഖുർആൻ വാദങ്ങളെ പാടെ നിരാകരിക്കുന്നു. ചേലാകർമം ഇബ്‌റാഹീം നബി(അ)യുടെ കാലം തൊട്ടേ അറേബ്യയിൽ ഉണ്ടായിരുന്നതിനാൽ മുശ്‌രിക്കുകളും ചെയ്തിരിക്കാം. അതുകൊണ്ട് അത് സുന്നത്തല്ലാതാവുന്നില്ല. ഹജ്ജും മുശ്‌രിക്കുകൾ നിർവഹിച്ചിരുന്നല്ലോ. നമസ്കാരം അഞ്ചു നേരം നിർബന്ധമാണ്. അത് ഖുർആനിലൂടെത്തന്നെ തെളിയുന്നതുമാണ്. ഹദീസ് നമസ്കാരങ്ങളുടെ കൃത്യസമയം വിശദീകരിക്കുന്നു.

## സാധാരണക്കാർക്ക് തിരിയുന്നില്ല?

■ *ജമാഅത്തെ ഇസ്‌ലാമിയുടെ മുഖപത്രമായ പ്രബോധനം ജമാഅത്ത് പ്രവർത്തകർക്ക് ഉൾക്കൊള്ളാൻ സാധിക്കുമെങ്കിലും പൊതുവെ സാധാരണ വായനക്കാർക്ക് തീരെ ഉൾക്കൊള്ളാൻ സാധിക്കുന്നില്ല. പ്രവാചകന്മാരുടെ പാതയും മാതൃകയും അവകാശപ്പെടുന്ന ജമാഅത്തിന്റെ സന്ദേശം താഴെക്കിടയിലുള്ളവർക്ക് എത്തിക്കുന്നതിൽ ജമാഅത്തിന് എന്നും പരാജയം തന്നെയല്ലേ? പ്രവാചകന്മാരുടെ അനുയായികളിൽ അധികവും സാധാരണക്കാരായ ദുർബല വിഭാഗമായതിനാൽ വിശേഷിച്ചും?*

**കടയ്ക്കൽ നുജുമുദ്ദീൻ**
**റിയാദ്**

*പ്രബോധനം* വാരികയുടെ ഉള്ളടക്കത്തിൽ സാധാരണക്കാർക്ക് ദഹിക്കുന്നതും ദഹിക്കാത്തതുമുണ്ടാവും. എല്ലാവരെയും ഒരുപോലെ തൃപ്തിപ്പെടുത്തുക പ്രായോഗികമല്ല. വിദ്യാഭ്യാസം കുറഞ്ഞ എത്രയോ സാധാരണക്കാർ *പ്രബോധനം* സ്ഥിരമായി വായിച്ച് പ്രബുദ്ധരായതാണ് അനുഭവം. സാധാരണക്കാരെ ബോധവത്കരിക്കാനുള്ള ഒരേയൊരു മാധ്യമമല്ല *പ്രബോധനം*. ലളിതമായ ഖുർആൻ പരിഭാഷകളും പ്രവാചക ചരിതങ്ങളും മറ്റു ഗ്രന്ഥങ്ങളും ഐ.പി.എച്ച് പുറത്തിറക്കിയിട്ടുണ്ട്. കേരള മസ്ജിദ് കൗൺസിലിൽ രജിസ്റ്റർ ചെയ്ത അഞ്ഞൂറോളം പള്ളികളിൽ ഖുത്വ്ബകളും ക്ലാസ്സുകളും നടക്കുന്നുണ്ട്. ഖുർആൻ സ്റ്റഡി സെന്ററുകൾ നൂറുക്കണക്കിനുണ്ട്. ത്വരീഖത്തും ഉറൂസ് നേർച്ചകളും ദിക്ർ ഹൽഖകളും മറ്റും സംഘടിപ്പിച്ച് ജമാഅത്ത് ജനസാമാന്യത്തെ പിഴിയുന്നില്ലെന്നതുകൊണ്ട് സാധാരണക്കാരെ അവഗണിച്ചു എന്നർഥം വരുന്നില്ല. ജമാഅത്ത് പ്രവർത്തകരിൽ ഭൂരിഭാഗവും ഉത്ബുദ്ധരായ സാധാരണക്കാരാണ്. എന്നാൽ ജനസാമാന്യത്തിന്റെ വികാരവിചാരങ്ങൾ ഉൾക്കൊണ്ട് അവർക്ക് മനസ്സിലാവുന്ന ഭാഷയിൽ സംവദിക്കാൻ കൂടുതൽ വിപുലവും ഫലപ്രദവുമായ പരിപാടികൾ ഉണ്ടാവണമെന്നത് ശരിയാണ്.

## വാർത്താ ചാനൽ തുടങ്ങുമോ?

■ *ഒരു കാലഘട്ടത്തിൽ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും മീഡിയ കരിവാരി തേക്കുമ്പോൾ കഷ്ടപ്പാടുകൾ നെഞ്ചിലേറ്റി ധീരതയോടെ പത്രമാധ്യമരംഗത്തേക്ക് ചുവടുറപ്പിച്ച ജമാഅത്തെ ഇസ്‌ലാമിയുടെ കേരള നേതൃത്വത്തോട് ഏതൊരു മുസ്‌ലിമിനും നന്ദിയും കടപ്പാടുമുണ്ടെന്ന കാര്യം തീർച്ചയാണ്. അതുപോലെ, ഈ കാലഘട്ടത്തിൽ പൊതുജനങ്ങളുമായി എളുപ്പത്തിൽ സംവദിക്കുന്ന ദൃശ്യമാധ്യമരംഗത്തേക്ക് ജമാഅത്ത് എപ്പോഴാണ് കടന്നുവരിക?*

*സാമൂഹിക രാഷ്ട്രീയ രംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച യുവജനശക്തിയായി മാറിയ സോളിഡാരിറ്റിയുടെ പ്രവർത്തനങ്ങളും, നിലവാരമുള്ള ടേബ്ൾ ടോക്കുകളും പൊതുജനങ്ങളിലേക്ക് എത്തിക്കാനും അതുവഴി ദീനിനെ മനസ്സിലാക്കിക്കൊടുക്കാനും ദൃശ്യമാധ്യമം ഉപകാരപ്രദമാവില്ലേ?*

**ഡോ. മുഹമ്മദ് അസ്‌ലം**
**വടകര**

**വാ**ർത്താ ചാനൽ സത്വരാവശ്യമാണ്. സാർവദേശീയ, ദേശീയ പ്രശ്നങ്ങളെ യഥാതഥമായി അവതരിപ്പിക്കാനും ഇസ്‌ലാമിക കാഴ്ചപ്പാടിലൂടെ വിശകലനം ചെയ്യാനും ചാനലുകൾ വഴിയുള്ള നീതിരഹിതമായ ആക്രമണങ്ങളെ പ്രതിരോധിക്കാനും സാമ്രാജ്യത്വ, ഫാഷിസ്റ്റ് വിരുദ്ധ പോരാട്ടം ശക്തിപ്പെടുത്താനും സ്വന്തമായ ചാനൽ കൂടിയേ തീരൂ എന്ന് ഇസ്‌ലാമിക പ്രസ്ഥാനം മനസ്സിലാക്കുന്നു. പ്രാഥമിക കാൽവെപ്പുകൾ ആരംഭിച്ചിട്ടുണ്ട്. കഴിയുംവേഗം യാഥാർഥ്യമാവാൻ പ്രാർഥിക്കുക. ■